ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 10.08.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. വയനാടിന്റെ ദുരിതം നേരിൽ കണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി; ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങൾ സന്ദർശിച്ചു; പ്രശ്ന പരിഹാരത്തിന് ഒപ്പമുണ്ടെന്നും ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി.

   **PM Modi surveys Wayanad landslide damage, Visits Chooralmala & interacts with rescuers; PM says the entire country and the union government stands behind those affected by the landslide at Wayand in Kerala**

2. പുനരധിവാസത്തിന് സാമ്പത്തിക പിന്തുണയും, കാലാവസ്ഥാ വ്യതിയാനം നേരിടാൻ സഹായവും കേന്ദ്രത്തോട് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan urges the Centre to provide financial support for rehabilitation and help in combating climate change**

3. മാൽദീവ്സുമായുള്ള ബന്ധത്തിനു കരുത്തേകാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ.

   **EAM Dr S Jaishankar: India is committed to deepen ties with Maldives**

4. ബാങ്കുകൾ അടിസ്ഥാന പ്രവർത്തന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് RBI ഡയറക്ടർ ബോർഡ് യോഗത്തിൽ ധനമന്ത്രി നിർമല സീതാരാമൻ.

   **FM Nirmala Sitharaman asks Banks to focus on Core Banking, mobilise deposits & lending funds**

5. ഒളിമ്പിക്സിൽ ഇന്ത്യക്കിന്ന് നിരാശ; തിരശീല വീഴാൻ ഒരു ദിനം ശേഷിക്കേ മെഡൽ പട്ടികയിൽ ചൈന മുന്നിൽ.

**Disappointment for India in Olympics today; China leads the medal table with one day left to go.**

&&&&&&&&&&&&&&&&

## HEADLINE 1

## PM WAYANAD VISIT

വയനാട്ടിലെ ഉരുൾപൊട്ടൽ നടന്ന മുണ്ടക്കൈ ചൂരൽമല പ്രദേശങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശിച്ചു. രാവിലെ കണ്ണൂർ വിമാനത്താവളത്തിൽ എത്തിയ പ്രധാനമന്ത്രി ഹെലികോപ്റ്റർ മാർഗ്ഗമാണ് വയനാട്ടിലെത്തിയത്. ദുരന്ത ഭൂമിയിൽ വ്യോമ നിരീക്ഷണം നടത്തിയ പ്രധാനമന്ത്രി കൽപ്പറ്റയിൽ നിന്ന് റോഡ് മാർഗം ചൂരൽമലയിലെത്തി. ചൂരൽമലയിൽ അദ്ദേഹം ഏറെ നേരം ചെലവഴിച്ചു. ഉരുൾപൊട്ടലിൽ തകർന്ന വെള്ളാർമല ജിവിഎച്ച്എസ് സ്കൂളും വീടുകളും പ്രധാനമന്ത്രി കണ്ടു. വെള്ളാർമല സ്കൂളിലെ കുട്ടികളുടെ പഠനത്തെക്കുറിച്ച് ഉൾപ്പടെ അദ്ദേഹം ചീഫ് സെക്രട്ടറി ഡോ. വി വേണുവിൽ നിന്ന് ചോദിച്ചറിഞ്ഞു. തുടർന്ന് ബെയ്‌ലി പാലത്തിലെത്തിയ പ്രധാനമന്ത്രി രക്ഷാദൗത്യത്തിൽ പങ്കാളികളായ ഉദ്യോഗസ്ഥരുമായും സംസാരിച്ചു. ദുരന്തത്തിൻറെ വ്യാപ്തിയും നാടിൻറെ വേദനയും നേരിട്ടറിഞ്ഞാണ് പ്രധാനമന്ത്രി ചൂരൽമലയിൽ നിന്ന് മേപ്പാടിയിലേക്ക് പോയത്. മേപ്പാടി സെൻറ് ജോസഫ്സ് സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് ശ്രീ മോദി സന്ദർശിച്ചു. ക്യാമ്പുകളിൽ കഴിയുന്നവരുടെ പ്രതിനിധികളായ ഒൻപതു പേരുമായി കൂടിക്കാഴ്ച നടത്തി. 25 മിനിട്ടോളം അദ്ദേഹം ക്യാമ്പിൽ ചിലവഴിച്ചു. തുടർന്ന് മേപ്പാടിയിലെ വിംസ് ആശുപത്രിയിൽ എത്തിയ പ്രധാനമന്ത്രി ചികിത്സയിൽ കഴിയുന്നവരെ ആശ്വസിപ്പിച്ചു.

&&&&&&&&&&&&&&&&

## PM WAYANAD- INTRO

വയനാട്ടിലെ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. കേരളം ഒറ്റയ്ക്കല്ലെന്നും രാജ്യം ഒന്നാകെ ദുരിതബാധിതർക്കൊപ്പമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വിശദാംശങ്ങളിലേയ്ക്ക്......

## PM WAYANAD - VOICE

വയനാട്ടിലെ ദുരന്ത മേഖലയിലെ സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ അവലോകന യോഗം ചേർന്നു. ദുരന്തം സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി നിവേദനം തയ്യാറാക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ സംസ്ഥാനത്തോടൊപ്പം ഉണ്ടെന്നും പ്രധാനമന്ത്രി അവലോകന യോഗത്തിനു ശേഷം അറിയിച്ചു. ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര സർക്കാർ തുടക്കം മുതൽ എല്ലാ പ്രവർത്തനങ്ങളും നടത്തി വരികയാണ്. ഉരുൾപൊട്ടൽ ഉണ്ടായത് മുതൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻറെ നേതൃത്വത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ടായിരുന്നെന്നും പ്രധാനമന്ത്രി പറഞ്ഞു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, സംസ്ഥാന മന്ത്രിമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. അവലോകനയോഗത്തിനുശേഷം ഹെലികോപ്ടർ മാർഗം കണ്ണൂർ വിമാനത്താവളത്തിലെത്തിയ പ്രധാനമന്ത്രി ഡൽഹിയിലേക്കു മടങ്ങി.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&

## HEADLINE 2

## WAYANAD - CM

വയനാട്ടിലെ ദുരിതബാധിതരുടെ പുനരധിവാസത്തിനുള്ള സാമ്പത്തിക പിന്തുണയും കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള സഹായങ്ങളും പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രധാനമന്ത്രിയോട് ദുരന്തത്തിന്റെ വ്യാപ്തി മുഖ്യമന്ത്രി വിശദീകരിച്ചു. നാശനഷ്ടങ്ങളുടെ വിശദമായ കണക്കെടുപ്പ് നടന്നുവരികയാണ്. വിശദമായ നിവേദനം സംസ്ഥാനം കേന്ദ്ര സർക്കാരിന് സമർപ്പിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ ചൊവ്വാഴ്ചവരെ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പാലക്കാട്, മലപ്പുറം ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതാനിർദേശവും ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശവും പ്രഖ്യാപിച്ചു. തെക്കൻ കേരള- ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&

## HEADLINE 3

## DAY JAISHANKAR-MALDIVES

ഇന്ത്യയിലെയും മാൽദീവ്സിലെയും ജനങ്ങളുടെ അഭിവൃദ്ധിക്കായി ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ദൃഢമാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. മാൽദീവ്സ് പ്രസിഡന്റ് മുഹമ്മദ് മെയ്സുവുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം സമൂഹമാധ്യമത്തിലാണ് അദ്ദേഹം ഇക്കാര്യം കുറിച്ചത്.

&&&&&&&&&&&&&&

## HEADLINE 4

### REV. FM- RBI CBD MEETING

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ റിസർവ് ബാങ്ക് ഡയറക്ടർ ബോർഡ് യോഗം ന്യൂഡൽഹിയിൽ ചേർന്നു. ബാങ്കുകൾ അടിസ്ഥാന പ്രവർത്തന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ പ്രാധാന്യത്തിന് ധനമന്ത്രി ഊന്നൽ നൽകി. നിക്ഷേപങ്ങൾ സമാഹരിക്കുന്നതും, വായ്പകൾ നൽകുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാൻ ധനമന്ത്രി ബാങ്കുകളോട് ആവശ്യപ്പെട്ടു. ബാങ്കിങ് നിയന്ത്രണങ്ങളിൽ സർക്കാർ വരുത്താൻ ഉദ്ദേശിക്കുന്ന ഭേദഗതികളുടെ നേട്ടങ്ങൾ ധനമന്ത്രി വിശദീകരിച്ചു.

&&&&&&&&&&&&&&

### SHAH ETHANOL

എഥനോൾ നിർമ്മാണത്തിൽ ബഹുതലസ്പർശിയും ഭാവി മുന്നിൽ കണ്ടുള്ളതുമായ സമീപനമാണ് വേണ്ടതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ പഞ്ചസാര ഫാക്ടറികളുടെ ദേശീയ സഹകരണ ഫെഡറേഷൻ സംഘടിപ്പിച്ച ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ധനങ്ങളിലെ എഥനോൾ മിശ്രണ തോത് 26 ശതമാനമായി ഉയർത്തും. വരുംവർഷങ്ങളിൽ രാജ്യത്തെ എഥനോൾ ആവശ്യകത 1,000 കോടി ലിറ്ററായി ഉയരുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&

### DAY FOREIGN SECY NEPAL

രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി നാളെ നേപ്പാളിൽ എത്തും. നേപ്പാൾ വിദേശകാര്യ മന്ത്രിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. ഇന്ത്യയുടെ 'അയൽപക്കം ആദ്യം' എന്ന നയത്തിൽ ഏറ്റവും പ്രാധാന്യം നൽകുന്ന രാജ്യങ്ങളിൽ ഒന്നാണ് നേപ്പാൾ. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്താൻ സന്ദർശനം സഹായകമാകുമെന്നാണ് വിലയിരുത്തൽ.

&&&&&&&&&&&&&&

## PREZ-TIMOR

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി തിമോർ ലെസ്റ്റിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമുവിന് രാജ്യത്തെ പരമോന്നത സിവിലിയൻ പുരസ്കാരമായ ഗ്രാൻഡ് കോളർ ഓഫ് ദി ഓർഡർ ഓഫ് തിമോർ - ലെസ്റ്റ് നൽകി ആദരിച്ചു. പ്രസിഡൻ്റ് ജോസ് റാമോസ് ഹോർട്ടയാണ് പുരസ്കാരം സമ്മാനിച്ചത്. പൊതുസേവനം, വിദ്യാഭ്യാസം, സാമൂഹികക്ഷേമം, സ്ത്രീശാക്തീകരണം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് പുരസ്കാരം.

&&&&&&&&&&&&&&

## PM - RELEASE OF 109 CROPS

അത്യുൽപ്പാദന ശേഷിയുള്ളതും കാലാവസ്ഥാ മാറ്റത്തെ അതിജീവിക്കുന്നതുമായ 109 കാർഷിക വിളയിനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ പുറത്തിറക്കും. 34 വയൽ വിളകളും, 27 പഴം-പച്ചക്കറി വിളകളും ഉൾപ്പെടെയുള്ളവയുടെ വ്യത്യസ്ത ഇനങ്ങളാണ് പുറത്തിറക്കുന്നത്.

&&&&&&&&&&&&&&

**HEADLINE 5**

## OLYMPICS

പാരിസ് ഒളിമ്പിക്സിൽ ഇന്ന് നടന്ന മത്സരങ്ങളിൽ ഇന്ത്യക്ക് നിരാശ. വനിതകളുടെ 76 കിലോ ഫ്രീസ്റ്റൈൽ ഗുസ്തിയിൽ ഇന്ത്യയുടെ റീതിക ഹൂഡ ക്വാർട്ടർ ഫൈനലിൽ പുറത്തായി. വനിതകളുടെ വ്യക്തിഗത ഗോൾഫിൽ അതിഥി അശോകിന്റെയും ദീക്ഷ ഡാഗറിന്റെയും മെഡൽ സാധ്യത മങ്ങി. മെഡൽ പട്ടികയിൽ 34 സ്വർണവുമായി ചൈനയാണ് നിലവിൽ ഒന്നാം സ്ഥാനത്ത്. 33 സ്വർണ്ണവുമായി അമേരിക്ക രണ്ടാമതും, 18 സ്വർണ്ണവുമായി ഓസ്ട്രേലിയ 3-ാം സ്ഥാനത്തുമാണ്. ഒരു വെള്ളിയും അഞ്ച് വെങ്കലവുമായി ഇന്ത്യ 69-ാം സ്ഥാനത്താണ്.

**&&&&&&&&&&&&&&**

## OLYMPICS VINESH

ഇന്ത്യൻ ഗുസ്തി താരം വിനേഷ് ഫോഗാട്ടിനെ പാരിസ് ഒളിമ്പിക്സിൽ അയോഗ്യയാക്കിയതുമായി ബന്ധപ്പെട്ട കേസിൽ കായിക തർക്കപരിഹാര കോടതി ഇന്ന് തീരുമാനം അറിയിക്കും. പാരിസ് ഒളിമ്പിക്സിൽ വനിതകളുടെ 50 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തി ഫൈനലിൽ അയോഗ്യയാക്കിയതിനെതിരെയാണ് വിനേഷ് കായിക കോടതിയെ സമീപിച്ചത്.

**&&&&&&&&&&&&&&**

## SPORTS MINISTER-HOCKEY

പാരിസ് ഒളിംപിക്സിൽ വെങ്കലമെഡൽ സ്വന്തമാക്കിയ ഇന്ത്യൻ പുരുഷ ഹോക്കി ടീമിനെ കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ നേതൃത്വത്തിൽ ആദരിച്ചു. ടീമംഗങ്ങളെ അനുമോദിച്ച കേന്ദ്രമന്ത്രി, അവരുടെ മികച്ച പ്രകടനത്തിൽ രാജ്യം അഭിമാനിക്കുന്നുവെന്നും പറഞ്ഞു.

&&&&&&&&&&&&&&

## MOS-MDA CAMPAIGN

മന്ത് രോഗത്തിനെതിരായ ഗുളികകൾ വിതരണം ചെയ്യുന്ന 'എം. ഡി. എ' പ്രചാരണ പരിപാടിയുടെ രണ്ടാം ഘട്ടത്തിന് രാജ്യത്ത് തുടക്കമായി. കേന്ദ്ര ആരോഗ്യ സഹമന്ത്രി പ്രതാപ്റാവു ജാദവ് ഉദ്ഘാടനം ചെയ്തു. കൊതുകു കടി ഒഴിവാക്കലും പ്രതിരോധ മരുന്ന് കഴിക്കലും മന്തുരോഗ നിർമാർജനത്തിൽ നിർണായകമാണെന്ന് അദ്ദേഹം പറഞ്ഞു. ഗുണഭോക്താക്കളിൽ തൊണ്ണൂറ് ശതമാനം പേരെങ്കിലും മരുന്നുകൾ കഴിക്കുക എന്നത്, ദൗത്യത്തിന്റെ വിജയത്തിന് അനിവാര്യമാണെന്നും കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&

## ANANTNAG ENCOUNTER

ജമ്മു കശ്മീറിലെ അനന്ത്നാഗ് ജില്ലയിൽ ഭീകരരും സുരക്ഷാസേനയുമായി ഏറ്റുമുട്ടൽ. ഗാഗർമാണ്ഡു പ്രദേശത്ത് സംയുക്ത സുരക്ഷാസേന നടത്തിയ തിരച്ചിലിനു പിന്നാലെയാണ് വെടിവയ്പ്പ് ആരംഭിച്ചത്.

&&&&&&&&&&&&&&

## J-K TERRORISTS

ജമ്മു കശ്മീരിലെ കഠ്വ ജില്ലയിൽ കാണപ്പെട്ട നാല് ഭീകരരുടെ രേഖാചിത്രം പൊലീസ് പുറത്തുവിട്ടു. വിവരം നൽകുന്നവർക്ക് പാരിതോഷികവും പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ജൂലൈയിൽ ഭീകരാക്രമണത്തിൽ കഠ്വ ജില്ലയിൽ മാത്രം നാല് സൈനികർ വീരമൃത്യു വരിച്ചിരുന്നു.

&&&&&&&&&&&&&&

## REV. BANGLADESH CHIEF JUSTICE RESIGN

രാജി തീരുമാനം പ്രഖ്യാപിച്ച് ബംഗ്ലാദേശ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഒബൈദുൽ ഹസൻ. ഔപചാരിക നടപടികൾ പൂർത്തിയാക്കിയ ശേഷം പ്രസിഡന്റിന് രാജി സമർപ്പിക്കുമെന്ന് ചീഫ് ജസ്റ്റിസ് മാധ്യമങ്ങളോട് പറഞ്ഞു. ചീഫ് ജസ്റ്റിസ് ഉൾപ്പെടെയുള്ളവർ രാജി വയ്ക്കണമെന്ന് ബംഗ്ലാദേശിലെ വിദ്യാർത്ഥി പ്രക്ഷോഭകർ നേരത്തെ ആവശ്യപ്പെട്ടിരുന്നു.

&&&&&&&&&&&&&&

## RUSSIA- UKRAIN

യുക്രൈൻ കടന്നുകയറ്റത്തെ തുടർന്ന് കേസ്ക്, ബ്രൈൻസ്ക് തുടങ്ങിയ അതിർത്തി പ്രദേശങ്ങളിൽ സുരക്ഷ കർശനമാക്കി റഷ്യ. പ്രതിരോധ നടപടികളുടെ ഭാഗമായി ദേശീയ ഭീകരവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ കരുത്തുറ്റ പ്രവർത്തനങ്ങൾ ആരംഭിച്ചതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. യുക്രൈന്റെ ഭാഗത്ത് നിന്ന് വലിയതോതിൽ പ്രകോപനം ഉണ്ടാകുന്നുണ്ടെന്ന് റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുതിൻ ആരോപിച്ചു.

&&&&&&&&&&&&&&

## ISRAEL-HAMAS

ഗാസയിൽ ഇസ്രായേൽ നടത്തിയ ആക്രണമണത്തിൽ 93 പേർ കൊല്ലപ്പെട്ടു. പള്ളി, സ്കൂൾ എന്നിവ കേന്ദ്രീകരിച്ചായിരുന്നു ആക്രമണം. ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത ഇസ്രായേൽ, കെട്ടിടത്തിൽ പ്രവർത്തിക്കുകയായിരുന്നു ഹമാസ് കേന്ദ്രമാണ് ലക്ഷ്യമിട്ടതെന്ന് വ്യക്തമാക്കി. പ്രഭാത പ്രാർത്ഥനകൾ നടക്കുമ്പോഴായിരുന്നു ആക്രമണമെന്നും, കൊല്ലപ്പെട്ട തൊണ്ണൂറോളം പേരുടെ മൃതദേഹങ്ങൾ കണ്ടെടുത്തുവെന്നും ഗാസ പ്രതിരോധ സേന വക്താവ് പറഞ്ഞു.

&&&&&&&&&&&&&&

## WORLD LION DAY

ഇന്ന് ലോക സിംഹദിനം. സിംഹങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ ദിനത്തിൻറെ ലക്ഷ്യം. സിംഹസംരക്ഷണത്തിനായി സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ രാജ്യത്തെ ആകെ സിംഹങ്ങളുടെ എണ്ണം 674 ആയി വർധിച്ചതായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&
&&&&&&&&&&&
&&&